ഡിസ്ട്രിക്റ്റ് പ്ലാനിംഗ് ഓഫീസർമാരുടെ നിയമനം

* 735 [800] ശ്രീ. പി. ടി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസനത്തെ മുൻനിർത്തിൽ കണ്ടുകൊണ്ട് പുതിയ ഡിസ്ട്രിക്റ്റ് പ്ലാനിംഗ് ഓഫീസർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചു;

(സി) ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിലെ ഡെപ്യൂട്ടി സെക്രട്ടറി മുതൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) മൂന്നുപേരെ നിയമിച്ചു.

(സി) ഐ. എ. എസ്. ഇല്ലാത്ത സീനിയർ ഉദ്യോഗസ്ഥൻമാരെ ജില്ലാ പ്ലാനിംഗ് ആഫീസർമാരായി നിയമിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണം ബാധകമാക്കുന്നതിന് നടപടി

* 736 [801] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, ടി. കെ. അബ്ദു:
,, സി. വാസുദേവമേനോൻ:
,, പിണറായി വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക ജാതിക്കാർക്ക് സർക്കാർ സർവ്വീസിൽ നിലവിലുള്ള റിസർവ്വേഷൻ സമ്പ്രദായം സംസ്ഥാനത്തെ സഹകരണ സ്ഥാപനത്തിലെ നിയമനത്തിൽക്കൂടി ബാധകമാക്കുന്നതിന് എന്തെങ്കിലും നടപടി ഇതിനകം ഗവൺമെൻറ് സ്വീകരിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നും എന്തൊക്കെ നടപടികളാണെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്തു കാരണത്താലാണെന്നു പറയുമോ ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly